പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1546 — 13/06/2014- ൽ മറുപടിക്ക്

## കുളമ്പുരോഗബാധ - ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ഈയിടെ സംസ്ഥാനത്തെ കന്നുകാലികൾക്കുണ്ടായ കുളമ്പുരോഗം മൂലം ക്ഷീരകർഷകർക്കുണ്ടായ നഷ്ടം കണക്കെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | എ) ഉണ്ട്. 96.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ബി) ദുരിതത്തിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഇടപെടൽ നടത്തിയിട്ടുണ്ടോ;എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത് എന്നറിയിക്കുമോ; | ബി) എല്ലാ ജില്ലകളിലും കർഷകർക്ക് ബോധവൽക്കരണ സെമിനാറുകൾ നടത്തി കുളമ്പുരോഗത്തെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിച്ചു. ദുരിതത്തിലായ ക്ഷീര കർഷകരെ സഹായിക്കുന്നതിന് കുളമ്പുരോഗം ബാധിച്ച കന്നുകാലികൾക്ക് നാളിതുവരെ സൗജന്യമായി 51902 ചാക്ക് കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട ഉരുക്കൾക്ക് 2,23,63,000/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ചികിൽസയ്ക്കാവശ്യമായ മരുന്നുകൾ, പരിസര ശുചീകരണത്തിനാവശ്യമായ അണുനാശിനികൾ എന്നിവ വാങ്ങുന്നതിന് വേണ്ടി മൃഗസംരക്ഷണ വകുപ്പ് 25,00,000/ - രൂപ ജില്ലകളിലുള്ള ഫണ്ടുകൾക്ക് പുറമെ അധിക ഫണ്ടായി ഗോരക്ഷാ പദ്ധതിയിൽ നിന്നും വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 52,00,000/- രൂപയുടെ അത്യാവശ്യമരുന്നുകൾ വാങ്ങി വിവിധ ജില്ലകൾക്ക് വിതരണം ചെയ്തു. |

| | |
|---|---|
| സി) ഇതിലേയ്ക്കായി വിവിധ ഘട്ടങ്ങളിൽ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണ്; | സി) മൃഗസംരക്ഷണ വകുപ്പ് മുഖേന കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട പശുക്കൾക്ക് 20,000/- രൂപ വീതവും, കിടാരികൾക്ക് 12,000/- രൂപ വീതവും, കന്നുകുട്ടികൾക്ക് 7,000/- രൂപ വീതവും നഷ്ടപരിഹാരവും രോഗം ബാധിച്ച ഉരുക്കൾക്ക് ഓരോന്നിനും 200 കി.ഗ്രാം (4 ചാക്ക്) കാലിത്തീറ്റയും സൗജന്യമായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഡി) ഈയിനത്തിൽ എന്ത് തുക ചെലവഴിച്ചുവെന്നറിയിക്കാമോ? | ഡി) കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട ഉരുക്കൾക്ക് നഷ്ടപരിഹാരമായി 2,23,63,000/- രൂപയും സൗജന്യ കാലിത്തീറ്റ വിതരണത്തിന് 1,28,39,150/- രൂപയും ഇതിനകം നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

## ECONOMIC LOSS DUE TO FMD OUTBREAK FROM 1/8/2013-31/3/2014

| Sl. No | DIST | No. of Animals Affected | Milk yielding animals (Assuming 80% of Total animals are in milk) | Average Milk yield(100days x 7 Litres) | Milk loss(Milk in Litres x market value of milk) |
|---|---|---|---|---|---|
| 1 | TVM | 2784 | 2227 | 1559040 | 46771200 |
| 2 | KLM | 2621 | 2097 | 1467760 | 44032800 |
| 3 | PTA | 2044 | 1635 | 1144640 | 34339200 |
| 4 | ALP | 5016 | 4013 | 2808960 | 84268800 |
| 5 | KTM | 4638 | 3710 | 2597280 | 77918400 |
| 6 | IDK | 1379 | 1103 | 772240 | 23167200 |
| 7 | EKM | 3949 | 3159 | 2211440 | 66343200 |
| 8 | TSR | 14835 | 11868 | 8307600 | 249228000 |
| 9 | PKD | 6681 | 5345 | 3741360 | 112240800 |
| 10 | WYD | 643 | 514 | 360080 | 10802400 |
| 11 | MPM | 2132 | 1706 | 1193920 | 35817600 |
| 12 | KZD | 374 | 299 | 209440 | 6283200 |
| 13 | KNR | 791 | 633 | 442960 | 13288800 |
| 14 | KSD | 194 | 155 | 108640 | 3259200 |
| | TOTAL | 48081 | 38465 | 26925360 | 807760800 |
| Total milk loss-80,77,60,800 | | | | | |
| Loss due to death of animals | | | | | |
| Loss due to death of Cow-Rs.50,000x2107=10,53,50,000 | | | | | |
| Loss due to death of Buffalo-Rs.60,000x103=61,80,000 | | | | | |
| Loss due to death of Heifer-Rs.15,000x551= 82,65,000 | | | | | |
| Loss due to death of Calves-Rs.10,000x2993=2,99,30,000 | | | | | |
| Loss due to death of Goat-Rs.6,000x195=11,70,000 | | | | | |
| Loss due to death of Pig-Rs.10,000x222=22,20,000 | | | | | |
| TOTAL DEATH LOSS=15,31,15,000 | | | | | |
| TOTAL ECONOMIC LOSS=96,08,75,800 | | | | | |